"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്- മീനാക്ഷിപുരം - ശ്മശാനം നിർമാണാനുമതി -ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C) no. 20288/25 & WP (C) no. 26599/2025** കേസുകളിൻമേലുള്ള 03.07.2025, 21.07.2025 തീയതികളിലെ വിധിന്യായങ്ങൾ നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.118/2026/LSGD    തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. മീനാക്ഷിപുരം സുന്നത്ത് ജുമാഅത്ത് തഖ്വ മസ്ജിദ് പള്ളി പ്രസിഡന്റ് ശ്രീ. എം എ ഷാജഹാൻ പെരുമാട്ടി പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ 08.12.2021 -ന് സമർപ്പിച്ച അപേക്ഷ
2. 06.01.2022 -ലെ പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 7(1) നമ്പർ തീരുമാനം
3. പെരുമാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/5/2022 ലെ എ3/7439/2021 നമ്പർ കത്ത്
4. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 08.07.2022 -ലെ C2/7900/2022 നമ്പർ കത്ത്
5. പാലക്കാട് ജില്ലാ കളക്ടറുടെ 12.03.2023 -ലെ DCPKD/1498/2022-D4 നടപടിക്രമം
6. സുന്നത്ത് ജുമാഅത്ത് തഖ്വ മസ്ജിദ് പള്ളി പ്രസിഡന്റ് ശ്രീ. എം എ ഷാജഹാൻ സർക്കാരിൽ സമർപ്പിച്ച 11.04.2023 -ലെ അപ്പീൽ അപേക്ഷ **(Ext P4 of** wp (c)no. 20288/2025)
7. സുന്നത്ത് ജുമാഅത്ത് തഖ്വ മസ്ജിദ് പള്ളി പ്രസിഡന്റ് ശ്രീ. എം എ ഷാജഹാൻ ഫയൽ ചെയ്ത WP(C) 20288/25 ന്മേലുള്ള കേരള ഹൈക്കോടതിയുടെ 03.07.2025 -ലെ അന്തിമ വിധിന്യായം
8. ശ്രീ മണികണ്ഠനും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 26559/25 ന്മേലുള്ള 21.07.2025 -ലെ അന്തിമ വിധിന്യായം ഉള്ളടക്കം ചെയ്തുകൊണ്ട് ശ്രീ മണികണ്ഠൻ സമർപ്പിച്ചതും 5/8/2025 -ൽ സർക്കാരിൽ ലഭ്യമായതുമായ നിവേദനം
9. മൂലത്തറ വില്ലേജ് ഓഫീസറുടെ 04.08.2025 -ലെ

VOMLTR/70/2025-VO നമ്പർ കത്ത്

10. പെരുമാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2025 -ലെ SC1-7439/2021 നമ്പർ കത്ത്

11. പാലക്കാട് ജില്ലാ കളക്ടറുടെ 08.09.2025 ലെ DCPKD/1498/2022-D4 കത്ത്

12. പൊല്യൂഷൻ കൺട്രോൾ ബോർഡ് എൺവയോൺമെന്റൽ എഞ്ചിനീയറുടെ 7.08.25, 08.09.2025 -ലെ പിസിബിഡിപികെ/248/2025-AE3 നമ്പർ കത്ത്

13. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) , തിരുവനന്തപുരം- ന്റെ 10.09.2025 ലെ No. G1(2)-66688/2025/SB നമ്പർ കത്ത്

14. ജില്ലാ പോലീസ് മേധാവിയുടെ 19.09.2025 ലെ D1(b)-65558/2025/P നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ മൂലത്തറ വില്ലേജിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ മീനാക്ഷിപുരത്ത് സുന്നത്ത് ജമാഅത്ത് തഖ്‌വ മസ്ജിദ് പള്ളി മഹൽ നിവാസികൾക്ക് വേണ്ടി ശ്മശാനം നിർമ്മിക്കുന്നതിനായി പള്ളി കമ്മിറ്റി പ്രസിഡന്റ് ശ്രീ. എം.എ ഷാജഹാൻ പരാമർശം (1) പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം സാധാരണ ശ്മശാനം നിർമ്മിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ജില്ലാ കളക്ടർക്ക് ലഭ്യമാവുകയും, പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും, ശ്മശാന നിർമ്മാണം സംബന്ധിച്ച് ആക്ഷേപങ്ങൾ നേരിൽ കേൾക്കുകയും, ക്രമസമാധാന പ്രശ്നങ്ങളുടെ കാരണത്താൽ ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി അപേക്ഷ നിരസിച്ചുകൊണ്ട് പരാമർശം (5) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചു. ഇതിനെതിരെ ശ്രീ ഷാജഹാൻ സർക്കാർ മുമ്പാകെ പരാമർശം (6) പ്രകാരം അപ്പീൽ പരാതി സമർപ്പിച്ചു. പ്രസ്തുത അപ്പീൽ സർക്കാർ പരിശോധിച്ചുവരവേ; ശ്രീ . ഷാജഹാൻ ബഹു. ഹൈക്കോടതിയുടെ മുമ്പാകെ WP(C) No. 20288/25 കേസ് ഫയൽ ചെയ്തു. WP(C) 20288/25 ൻമേലുള്ള പരാമർശം (7) 03.07.2025 -ലെ അന്തിമവിധിന്യായ പ്രകാരം ഒന്നാം എതിർ കക്ഷിയായ സർക്കാർ Ext P4 നിവേദനം പരിശോധിച്ച് 60 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണെന്ന് ബഹു കോടതി ഉത്തരവായിരുന്നു.

2. ബഹു.കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ WP(C) No. 20288/25 കേസിലെ ഹർജിക്കാരനെയും, ജില്ലാ കളക്ടറുടെ പ്രതിനിധി, പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, ജില്ലാ പോലീസ് മേധാവി ( ഓൺലൈൻ മുഖേന) എന്നിവരെ 29/7/2025 - ന് നേരിൽ കേൾക്കുകയുണ്ടായി. തുടർന്ന് ഇതേ വിഷയത്തിൽ ഫയൽ ചെയ്യപ്പെട്ട WP(C) 26559/2025 നമ്പർ കേസിലെ M. മണികണ്ഠൻ തുടങ്ങിയ ഹർജിക്കാരുടെ ആവശ്യപ്രകാരം അവരെയും കൂടി കേട്ട് സർക്കാർ അപ്പീൽ തീർപ്പാക്കാൻ ബഹു. കോടതി 21-7-2025 -ലെ ഉത്തരവിൽ നിർദേശിച്ചത് പ്രകാരം പ്രസ്തുത ഹർജിക്കാരെയും 22/8/2025 - ന് നേരിൽ കേൾക്കുകയുണ്ടായി .

1) WP(C)No.20288/2024 ഫയൽ ചെയ്ത ഹർജിക്കാരൻ ശ്രീ. M.A ഷാജഹാൻ ചുവടെ ചേർക്കുന്ന വാദങ്ങളാണ് മുന്നോട്ട് വച്ചത്:-

(i) സുന്നത്ത് ജുമാഅത്ത് തഖ്‌വ മസ്ജിദിനു വേണ്ടി ശ്മശാനം സ്ഥാപിക്കുന്നതിനായി ചിറ്റൂർ താലൂക്ക്, മൂലത്തറ വില്ലേജ്, ബ്ലോക്ക് നമ്പർ: 46, റീസർവേ നമ്പർ: 247/2ൽ ഉൾപ്പെട്ട 0.4047 ഹെക്ടർ പുരയിടം വഹകൾ ചിറ്റൂർ എസ്.ആർ.ഓ യിൽ രജിസ്റ്റർ ചെയ്ത 1705/2017-ാം നമ്പർ തീരാധാരപ്രകാരം തീറ് വാങ്ങിയിട്ടുള്ളതുമാണ്.

(ii) മസ്ജിദിന്റെ കീഴിൽ മൃതദേഹം കബറടക്കം ചെയ്യുന്നതിനായി 7 സെന്റ് സ്ഥലം മാത്രമാണ് കഴിഞ്ഞ കുറേ വർഷങ്ങളായി ഉണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ ടി സ്ഥലത്ത് 50 ഓളം കുടുംബാംഗങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഏകദേശം 300 ഓളം കുടുംബാംഗങ്ങൾ ഈ സ്ഥലത്ത് ഉള്ളതാണ്. അപ്രകാരമിരിക്കെ മൃതദേഹം കബറടക്കം ചെയ്യുവാൻ സ്ഥലം ഇല്ലാത്തതിനാൽ ടി സ്ഥലത്തെ ആളുകളിൽ നിന്നും പിരിവെടുത്താണ് ശ്മശാനം സ്ഥാപിക്കുന്നതായി മേൽ പറഞ്ഞ 0 .4047 ഹെക്ടർ (ഒരു ഏക്കർ) വസ്തു വഹകൾ വാങ്ങിയിട്ടുള്ളത്. തുടർന്ന് ഞങ്ങളുടെ കമ്മിറ്റി ടി സ്ഥലത്ത് 30 സെന്റിന് അകത്ത് മാത്രം ശ്മശാനം അനുമതി ലഭിക്കുന്നതിനായാണ് പെരുമാട്ടി പഞ്ചായത്തിന്റെ കീഴിലും, ജില്ലാ കളക്ടറിനും അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്.

(iii) നിയമാനുസരണം ശ്മശാന അനുമതിക്കായി വേണ്ടുന്ന ദൂരപരിധികളെല്ലാം തന്നെ കൃത്യമായി പാലിച്ചാണ് ടി സ്ഥലത്ത് ശ്മശാന അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ടി ശ്മശാനത്തിന്റെ അനുമതിയുടെ പത്രപരസ്യം കണ്ട് ടി സ്ഥലത്തെ പരിസരവാസികൾ ആയതിന് എതിരെ കളവായ സംഗതികൾ പറഞ്ഞ് പരത്തിയും ആളുകളെ തെറ്റിദ്ധരിപ്പിച്ചും ഒരു മാസ്സ് പരാതി ഒപ്പിട്ട് വാങ്ങി ബോധിപ്പിക്കുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിന്റെ 100 മീറ്ററിലധികം മാറി സ്ഥിതി ചെയ്യുന്ന രാജമാണിക്യം കോളനി, പമ്പ് ഹൗസ് കോളനി, മഹാളി അമ്മൻ കോവിൽ വീഥി എന്നിവിടങ്ങളിലെ ആളുകളിലെ പ്രതിനിധികളെയും മറ്റും വിളിച്ച് വരുത്തി വിചാരണ നടത്തുകയും തുടർന്ന് 12-03-2023-ാം തിയ്യതി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ശ്മശാന അനുമതി നൽകുവാൻ സാധ്യമല്ലെന്ന് കാണിച്ച് ഒരു ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുള്ളതുമാണ്.. എന്നാൽ ചില രാഷ്ട്രീയ സംഘടനകൾ നടത്തുന്ന കുപ്രചരണങ്ങളും നീതിക്ക് നിരക്കാത്ത കാര്യങ്ങൾ ചെയ്തും ജനങ്ങളിലെ മത സൗഹാർദ്ദത്തെ ഇല്ലായ്മ ചെയ്യുന്നതിൻ്റെ ഭാഗമായാണ് ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് നാട്ടുകാരെ തെറ്റുദ്ധരിപ്പിച്ച് കളവായ പരാതിയിൽ ഒപ്പിടുവിച്ച് വാങ്ങി ഇപ്രകാരം ഒരു മാസ്സ് പരാതി സമർപ്പിച്ചിട്ടുള്ളത്.

(iv) നിർദ്ദിഷ്ട ശ്മശാന സ്ഥലവും, നിലവിൽ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന ഹിന്ദു ശ്മശാനവും തമ്മിൽ വേർതിരിക്കുവാൻ ഇടക്ക് പഞ്ചായത്ത് റോഡും, ഇറിഗേഷൻ പമ്പിംഗ് കനാലും ഉള്ളതുമാണ്. ടി കനാൽ ഏകദേശം 5 വർഷമായി ഉപയോഗശൂന്യമായി കിടക്കുന്നതാണ്. കൂടാതെ രണ്ട് സമുദായത്തിൽ ഉൾപ്പെട്ടവർ ഒരു ദിവസം മരണപ്പെട്ടാൽ ഒരാളുടെ മൃതദേഹം സംസ്കരണം കഴിഞ്ഞശേഷം അടുത്ത മൃതദേഹം അടക്കം ചെയ്യുവാൻ മുസ്ലീം സമുദായം തയ്യാറാണ് എന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടും ആയത് പരിഗണിക്കാതെയാണ് അനുമതി നിഷേധിച്ചിട്ടുള്ളത്.

(v) മുസ്ലീം ആചാരപ്രകാരം നമസ്കാരത്തിന് ബാങ്ക് വിളി കേൾക്കുന്ന സമയത്ത് തന്നെ മൃതദേഹം സംസ്കരിക്കണമെന്ന നിബന്ധനയുണ്ട്. ഇപ്പോൾ നമസ്കാരത്തിന് ബാങ്ക് വിളിക്കുന്നതും നിസ്കാരം നടത്തുന്നതുമായ പള്ളിയിൽ ഏകദേശം 300 മീറ്റർ അകലെയാണ് ശ്മശാനത്തിനായി

വാങ്ങിയ സ്ഥലം ഇതല്ലാതെ വേറെ സ്ഥലം ലഭിക്കാൻ ഇല്ലാത്തതും ബാങ്ക് വിളി കേൾക്കുന്ന പരിധിക്ക് അകത്ത് ഇല്ലാത്തതുമാണ്.

(vi) ടി പള്ളിക്കും ശ്മശാനത്തിനും അരികെയുള്ള മെയിൻ റോഡിലൂടെയാണ് മേപ്പടി ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ ഏഴുന്നള്ളത്ത് കാലാ കാലങ്ങളിലായി നടത്തി വരുന്നത്, നിലവിൽ അനുമതിക്കായി സമർപ്പിച്ച ശ്മശാന സ്ഥലത്തിന്റെ ഏകദേശം 20 മീറ്റർ അകലെയുള്ള ഹിന്ദു വിശ്വാസികളുടെ ശ്മശാനത്തിലേക്ക് മൃതദേഹം വഹിച്ച് കൊണ്ടുള്ള വിലാപയാത്രകൾ വാദ്യപോകരണങ്ങളോട് കൂടി അവരവരുടെ ജാതിയാചാരപ്രകാരം കടന്ന് പോകുന്നതും കാലാ കാലങ്ങളായി ടി പള്ളിക്ക് അരികെയുള്ള മെയിൻ റോഡിലൂടെയാണെന്നും, ആയത്കൊണ്ട് നാളിതുവരെയായി യാതൊരുവിധ സാമുദായിക സ്പർദ്ധയും ഉണ്ടായിട്ടില്ലെന്നിരിക്കെ ഹിന്ദു ശ്മശാനത്തിന് സമീപം മുസ്ലീം ശ്മശാനം അനുവദിക്കപ്പെട്ടാൽ സാമുദായിക സ്പർദ്ധ ഉണ്ടാകുമെന്ന് അധികാരികൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് വാസ്തവ വിരുദ്ധമാണെന്നും ഹർജിക്കാരൻ അറിയിച്ചു.

(vii) നിർദ്ദിഷ്ട അനുമതിക്ക് വേണ്ടി അപേക്ഷിച്ച രേഖകളിൽ ഒരേക്കർ സ്ഥലത്തിൽ 25 സെന്റിന് വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നെന്നും, എന്നാൽ അതിനടുത്തുകൂടി ഇറിഗേഷൻ കനാൽ പോകുന്നതിനാൽ 8.55 സെന്റ് സ്ഥലത്തിനുമാത്രം മരിച്ചുപോയവരെ അടക്കം ചെയ്യാനുള്ള അനുമതി നൽകണമെന്നും പിന്നീട് കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

<u>2) WP(C) 26559/2025 ഫയൽ ചെയ്ത ഹർജിക്കാർ ശ്രീ. M. മണികണ്ഠൻ തുടങ്ങിയവർ ചുവടെ ചേർക്കുന്ന വാദങ്ങളാണ് മുന്നോട്ട് വച്ചത്:-</u>

WP(C) 26559/2025 യിലെ 21.07.2025 ലെ ഉത്തരവ് പ്രകാരം 22.08.2025 ൽ നടത്തിയ ഹിയറിംഗിൽ ശ്രീ. എം. മണികണ്ഠൻ, എ. ബാലകൃഷ്ണൻ, ശ്രീ എൻ.സദാശിവം, ശ്രീ ജയപ്രകാശിന്റെ പ്രതിനിധിയായി ശ്രീ അരുൺകുമാർ എന്നിവർ പങ്കെടുത്തു. ടി ഹിയറിംഗിൽ ചുവടെ ചേർക്കുന്ന വാദങ്ങളാണ് മുന്നോട്ടുവച്ചത്.

(i) വ്യത്യസ്ത സമുദായങ്ങൾ താമസിക്കുന്ന പ്രസ്തുത സ്ഥലത്ത് സെമിത്തേരി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനടുത്തായി അവരുടെ ചുടുകാട് എന്നറിയപ്പെട്ടിരുന്ന 150 വർഷത്തിലധികം പഴക്കമുള്ള ശ്മശാനം ഉണ്ടെന്നും, മരണം നടക്കുമ്പോൾ മൃതദേഹം ഘോഷയാത്രയായി കൊണ്ടു വരാറുണ്ടെന്നും ഒരേ സമയം രണ്ടു മത വിഭാഗങ്ങളുടെയും സംസ്കാര ചടങ്ങുകൾ നടത്തേണ്ട സാഹചര്യമുണ്ടായാൽ വർഗ്ഗീയ സംഘർഷത്തിനിടയാകും;

(ii) അവർക്ക് നേരത്തെ തന്നെ ഒരു ശ്മശാനം ഉണ്ടെന്നും ഇവിടെ ഒരെണ്ണം ആരംഭിച്ചാൽ അത് മേൽപ്പറഞ്ഞപോലെ വർഗ്ഗീയ സംഘർഷത്തിനിടയാക്കുമെന്നും പറഞ്ഞു. നിർദ്ദിഷ്ട സെമിത്തേരി ഭൂമിയുടെയും മുൻവശത്ത് കൂടെ ബോഡി ശ്മശാനത്തിലേയ്ക്ക് കൊണ്ടുപോകുന്ന വഴിയിൽ വച്ച് തന്നെ വിവിധ വിഭാഗങ്ങളുടെ വ്യത്യസ്ത ചടങ്ങുകൾ നടത്താറുണ്ട്. വഴിക്കരികിലായി കനാലുണ്ട്. SC/ST ഉൾപ്പെടെ വിവിധ സമുദായക്കാരുടെ കോളനികളാണ് സമീപത്തുള്ളത്.

(iii) ഇപ്പോഴുള്ള ശ്മശാനത്തിന് മുമ്പിലൂടെ തന്നെ കോളനികളിലെ കുട്ടികൾക്ക് പോകാൻ ഭയമാണെന്നും വീണ്ടുമൊരണ്ണം കൂടി വരുന്നത് കുഞ്ഞുങ്ങളുടെ മാനസികാവസ്ഥയെ ബാധിക്കുമെന്നും അറിയിച്ചു.

3. പാലക്കാട് ചിറ്റൂർ താലൂക്ക് പെരുമാട്ടി ഗ്രാമപഞ്ചായത്ത് മീനാക്ഷിപുരത്തെ നിർദ്ദിഷ്ട ശ്മശാന

നിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ഹിയറിംഗിലും ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ശ്മശാനത്തിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ താമസവീടുകളും, കൃഷിസ്ഥലങ്ങളും നിലവിലുള്ളതും, ടി സ്ഥലത്തിന്റെ വടക്കേ അതിർത്തിയിൽ ഇറിഗേഷൻ കനാലും, 15 മീറ്റർ വടക്കുമാറി ഹിന്ദുക്കളുടെ ശ്മശാനവും, ആയതുമായി ബന്ധപ്പെട്ട ആരാധനാസ്ഥലങ്ങളും നിലവിലുള്ളതും, കിഴക്ക് ഭാഗത്ത് പഞ്ചായത്ത് റോഡ് നിലവിലുണ്ടെന്നും, 12.05.2021-ന് മൃതദേഹം മറവ് ചെയ്തത് സംഘർഷത്തിനിടയാക്കിയിരുന്നതായും, ജില്ലാ കളക്ടറുടെ നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപം ഉയർന്നിരുന്നതായും മൂലത്തറ വില്ലേജാഫീസറും, നിലവിൽ ഹിന്ദു സമുദായത്തിൽപ്പെട്ടവരുടെ ശ്മശാനവും പുതിയ അനുമതിക്കായി പറയുന്ന ശ്മശാനവും തമ്മിൽ കേവലം 15 മീറ്റർ വ്യത്യാസമാണുള്ളതെന്നും, പമ്പ് ഹൗസ് കോളനിയിൽ 90 ഓളം പട്ടികജാതി വിഭാഗക്കാരും, രാജമാണിക്യം കോളനിയിൽ 30 ഓളം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും താമസിക്കുന്നുണ്ടെന്നും, സമീപത്തുള്ള 100 വർഷത്തോളം പഴക്കമുള്ള ഹിന്ദു ശ്മശാനത്തിലേക്ക് മരണപ്പെട്ടവരെ കൊണ്ടുവരുന്നത് ആചാരപ്രകാരം പറവാദ്യം കൊട്ടിയും, ശംഖ് ആടിപാടിക്കൊണ്ടു പോകുന്നത് മുസ്ലീം മതവിഭാഗക്കാർക്ക് താൽപ്പര്യമുള്ള കാര്യമല്ല, കൂടാതെ, മീനാക്ഷിപുരം സംസ്ഥാന അതിർത്തി പ്രദേശമായതിനാൽ മുസ്ലീം പള്ളി കമ്മിറ്റിയിൽ അയൽസംസ്ഥാനമായ തമിഴ് നാട്ടിലെ ആളുകളും അംഗങ്ങളായതിനാലും, അവിടുത്തെ ആളുകൾ മരണപ്പെട്ടാലും ഈ ശ്മശാനത്തിലേക്ക് കൊണ്ടുവന്നാണ് മറവ് ചെയ്യുക എന്നതിനാൽ ഭാവിയിൽ വർഗ്ഗീയ ചേരിതിരിവിനും സാമുദായിക സംഘർഷത്തിനും ഇരു സംസ്ഥാനത്തുമുള്ള ആളുകൾ തമ്മിലുള്ള സംഘർഷത്തിനും ഇടയാക്കുമെന്നും നിലവിൽ മീനാക്ഷിപുരം മുസ്ലീം പള്ളിയിൽ ഖബർസ്ഥാൻ ഉണ്ടെന്നും അതിൽ അടക്കം ചെയ്യുന്നതിൽ വിരോധം ഇല്ലെന്നും മൊഴി പറഞ്ഞിട്ടുള്ളതാണെന്നും, നിർദ്ദിഷ്ട സ്ഥലത്തിന്റെ നാലതിരുകളിൽ നിന്നും 50 മീറ്റർ അകലത്തിനുള്ളിൽ ജലസ്രോതസ്സുകൾ, വീടുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിലവിലില്ലെന്നും, പ്രസ്തുത ശ്മശാനത്തിനെ അനുകൂലിച്ച് 840 പേരും, എതിർപ്പ് പ്രകടിപ്പിച്ച് 1505 പേരും ഒപ്പ് രേഖപ്പെടുത്തിയ ഭീമഹർജികൾ ലഭ്യമായിട്ടുണ്ടെന്നും, പ്രസ്തുത എതിർപ്പുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

–

4. അഡിഷണൽ ഡയറക്ടർ ഓഫ് പോലീസ് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ മീനാക്ഷിപുരം ടൗണിൽ നിന്നും പമ്പ്ഹൗസ് കോളനി, രാജമാണിക്ക്യം കോളനി എന്നീ സ്ഥലങ്ങളിലേക്ക് പോകുന്ന പൊതുവഴിയുടെ അരികിൽ സുമാർ 300m വടക്കുമാറി ഒരേക്കറോളം വരുന്ന പറമ്പ് അഞ്ചു വർഷം മുമ്പ് ശ്മശാനം നിർമ്മിക്കാൻ മുസ്ലീം ജുമാമസ്ജിദ് പള്ളിക്കമ്മിറ്റി മീനാക്ഷിപുരത്തുള്ള കല്യാണസുന്ദരം കൗണ്ടറിൽ നിന്നും വിലയ്ക്ക് വാങ്ങിയിരുന്നു. ടി സ്ഥലത്തിനടുത്ത് സുമാർ 40m വടക്ക്പടിഞ്ഞാറു മാറിയാണ് കാലാകാലങ്ങളായി ടി പരിസരത്തുള്ള SC/ST വിഭാക്കാർ (തമിഴ്) താമസിക്കുന്ന പമ്പ് ഹൗസ് കോളനിയിലെയും ജനങ്ങളും രാജമാണിക്ക്യം കോളനിയിലെയും ജനങ്ങളും, കൂടാതെ മീനാക്ഷിപുരം ടൗണിലുള്ള കൗണ്ടർ, ചെട്ടിയാർ, മുതലിയാർ എന്നീ സമുദായത്തിൽപ്പെട്ട ആളുകളുടെയും ശ്മശാനം സ്ഥിതി ചെയ്യുന്നത്. തമിഴ്നാട് സംസ്ഥാനത്തിനോട് ചേർന്നു കിടക്കുന്നതും തമിഴ് വിഭാഗക്കാർ ധാരാളം താമസിക്കുന്ന പ്രദേശവുമായതിനാൽ അവരുടെ മരണാനന്തര ചടങ്ങുകൾ തമിഴാചാര പ്രകാരം വാദ്യഘോഷങ്ങളോടുകൂടി ഘോഷയാത്രയായും, പടക്കം പൊട്ടിച്ചും മീനാക്ഷിപുരം ടൗൺ ചുറ്റിയാണ് അവരുടെ ശ്മശാനത്തിലേക്ക് കൊണ്ടു പോകുന്നത്. ഈ വഴിയിലാണ് മീനാക്ഷിപുരം പള്ളിക്കമ്മിറ്റി, ശ്മശാനം നിർമ്മിക്കാനായി വാങ്ങിച്ച സ്ഥലമുള്ളത്. ടി സ്ഥലത്തിന്റെ മുന്നിൽവെച്ചാണ് ഹിന്ദുസമുദായക്കാർ മൃതശരീരം തെക്കോട്ടു തിരിക്കുന്ന ചടങ്ങ് ചെയ്യുന്നത്. നിലവിൽ മീനാക്ഷിപുരം

മുസ്ലിം ജമാത്ത് പള്ളിക്കമ്മിറ്റിയുടെ ഖബർസ്ഥാനം (ശ്മശാനം) മീനാക്ഷിപുരം ടൗണിലുള്ള പള്ളിയോട് ചേർന്നാണുള്ളത്. ആകെ 10 സെന്റ് സ്ഥലത്താണ് മരണപ്പെട്ട ആളുകളുടെ ഖബറടക്കം സുമാർ 100 വർഷത്തോളമായി നടക്കുന്നത്. മീനാക്ഷിപുരം ടൗണും, പരിസര പ്രദേശങ്ങളിലുമായി ഏകദേശം നൂറോളം മുസ്ലീം കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. നിലവിലുള്ള ഖബർസ്ഥാനിന് സ്ഥലപരിമിതി ഉള്ളതിനാലാണ് ആയത് വിപുലീകരിക്കാൻ വേണ്ടി പള്ളിക്കമ്മിറ്റി മേൽപ്പറഞ്ഞ സ്ഥലം വാങ്ങിച്ച് ശ്മശാനം നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുള്ളതെന്നും അറിവാകുന്നുണ്ട്.

5. പള്ളിക്കമ്മിറ്റി വാങ്ങിയ സ്ഥലത്ത് 2021 വർഷത്തിൽ കോവിഡ് ബാധിച്ച് മരണപ്പെട്ട മുസ്ലീം വിഭാഗത്തിൽപ്പെട്ടയാളുടെ ശരീരം മറവുചെയ്യുന്നതിനായി കൊണ്ടുവന്ന സമയം പരസരവാസികളായ ഇതര മത വിഭാഗത്തിലുള്ളവർ കടുത്ത എതിർപ്പ് പ്രകടിപ്പിക്കുകയും സ്ഥലത്ത് സംഘർഷാവസ്ഥ സംജാതമാകുകയും ചെയ്തിരുന്നു. മേൽ ശ്മശാന നിർമ്മിതിയെ അനുകൂലിച്ചും പ്രതികൂലിച്ചും ഇരു വിഭാഗങ്ങളായി തിരിഞ്ഞ് പ്രതിക്ഷേധ പരിപാടികൾ, പ്രകടനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും, ആയതിന് നിരോധിത സംഘടന ഉൾപ്പെടെ പല സംഘടനകളും ചേരി തിരിഞ്ഞ് ഐക്യദാർഢ്യ പ്രകടിപ്പിക്കുന്ന സാഹചര്യമുണ്ടായി. ശ്മശാന നിർമ്മിതിക്ക് അനുമതി നൽകുന്ന പക്ഷം ഭാവിയിൽ വർഗ്ഗീയ ചേരി തിരിവിനും, സംഘർഷങ്ങൾക്കും കാരണമാകുകയും ചെയ്തേക്കാമെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള മൂലത്തറ ഗ്രാമത്തിലെ സർവേ നമ്പർ 247/2-1 (0.2024 ഹെക്ടർ) ൽ ഒരു ശ്മശാനം സ്ഥാപിച്ചതായി ആരോപിക്കപ്പെടുന്ന മീനാക്ഷിപുരത്തെ നിരവധി നിവാസികളിൽ നിന്ന് മുമ്പ് ഒരു പരാതി ലഭിച്ചിട്ടുണ്ട്. തർക്കത്തിലുള്ള ഭൂമി മീനാക്ഷിപുരം മുസ്ലീം ഹനഫി സുന്നത്ത് ജമാഅത്ത് തഖ്‌വ മസ്ജിദിന്റെ ഉടമസ്ഥതയിലുള്ളതും പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്നതുമാണ്. ഹർജിക്കാരുടെയും മസ്ജിദ് കമ്മിറ്റി പ്രതിനിധികളുടെയും മൊഴികൾ രേഖപ്പെടുത്തി അന്വേഷണം നടത്തി. മസ്ജിദ് കമ്മിറ്റി 2018-ൽ ഒരു ശ്മശാനം സ്ഥാപിക്കാൻ അനുമതി തേടി ഒരു അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, 2.03.2023 ലെ ഉത്തരവ് നമ്പർ DCPKD/1498/2022-D4 പ്രകാരം പാലക്കാട് ജില്ലാ കളക്ടർ അപേക്ഷ നിരസിച്ചു. കൂടാതെ, നിലവിലുള്ളതും പ്രവർത്തനക്ഷമവുമായ ഒരു ഹിന്ദു ശ്മശാന സ്ഥലത്തിന് സമീപമുള്ള നിർദ്ദിഷ്ട സ്ഥലം കാരണം സാമുദായിക സംഘർഷത്തിനുള്ള സാധ്യതയും കണക്കിലെടുത്ത്, ജില്ലാ കളക്ടർ പെരുമാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 13.08.2021 ലെ റഫറൻസ് നമ്പർ DCPKD/843/2021-D4 പ്രകാരം ഒരു സ്റ്റോപ്പ് മെമ്മോ നൽകി. നിലവിൽ, പ്രസ്തുത ഭൂമിയിൽ ഒരു നിർമ്മാണമോ വികസനമോ നടത്തിയിട്ടില്ല, അത് ഒഴിഞ്ഞുകിടക്കുന്നു. സ്ഥലത്ത് ഒരു ശ്മശാനമോ ശവസംസ്കാര പ്രവർത്തനങ്ങളോ നടന്നിട്ടില്ലെന്ന് മസ്ജിദ് കമ്മിറ്റി പ്രതിനിധികൾ സ്ഥിരീകരിച്ചു. മീനാക്ഷിപുരം ബസ് സ്റ്റാൻഡിന് പടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ബദൽ ശ്മശാനം മുസ്ലീം സമൂഹം ഇപ്പോഴും ഉപയോഗിക്കുന്നു. 150 വർഷത്തിലേറെയായി ഉപയോഗത്തിലിരുന്നതായി പറയപ്പെടുന്ന ഒരു ഹിന്ദു ശ്മശാന സ്ഥലത്തുനിന്ന് ഏകദേശം 20 മീറ്റർ അകലെയാണ് നിർദ്ദിഷ്ട സ്ഥലം സ്ഥിതി ചെയ്യുന്നതെന്നും ശ്രദ്ധിക്കപ്പെടുന്നു. അവിടെ നടത്തുന്ന ശവസംസ്കാര ചടങ്ങുകളിൽ ഉച്ചത്തിലുള്ള ഉപകരണങ്ങൾ, പടക്കങ്ങൾ, മറ്റ് ആചാരങ്ങൾ എന്നിവയുൾപ്പെടെ വിവിധ പരമ്പരാഗത ആചാരങ്ങൾ ഉൾപ്പെടുന്നു, ഇവ പലപ്പോഴും നിർദ്ദിഷ്ട സ്ഥലത്തിന് സമീപമുള്ള റോഡിൽ നടക്കുന്നു. ആവശ്യമായ അംഗീകാരങ്ങൾ നേടാതെ, ഇത്രയും അടുത്തായി ഒരു പുതിയ ശ്മശാനം സ്ഥാപിക്കുന്നത് പ്രാദേശിക ഹിന്ദു സമൂഹത്തിൽ നിന്ന്

ശക്തമായ എതിർപ്പിന് കാരണമാകുകയും ക്രമസമാധാന പ്രശ്നങ്ങൾക്കും സാമുദായിക അസ്വസ്ഥതകൾക്കും കാരണമാവുകയും ചെയ്യും. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, നിലവിലുള്ള നിയമപരമായ നിയന്ത്രണങ്ങൾ, അനുമതിയുടെ അഭാവം, പൊതുജന അസ്വസ്ഥതകൾക്കുള്ള ഉയർന്ന സാധ്യത എന്നിവ കണക്കിലെടുത്ത്, പ്രസ്തുത സ്ഥലത്ത് ഒരു ശ്മശാനം അനുവദിക്കുന്നതിനുള്ള ഏതൊരു നിർദ്ദേശവും ശ്രദ്ധാപൂർവ്വം അവലോകനം ചെയ്യണമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

7. 1998-ലെ KPR ചട്ടങ്ങൾ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദിഷ്ട ശ്മശാനത്തിന്റെ നാലതിരുകളിൽ നിന്നും 50 മീറ്റർ അകലത്തിനുള്ളിൽ ജലസ്രോതസ്സുകൾ, വീട്ടുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിലവിലില്ലെന്നും, ടി സാഹചര്യത്തിൽ, 12 നിബന്ധനകൾക്ക് വിധേയമായി പൊതുജനാരോഗ്യ സംബന്ധമായ കാഴ്ചപ്പാടിൽ നിരാക്ഷേപം അനുവദിക്കാവുന്നതാണെന്നുമാണ് ജില്ലാ മെഡിക്കൽ ഓഫീസർ ആദ്യഘട്ടത്തിൽ ശുപാർശ ചെയ്തിരുന്നുവെങ്കിലും, ജലസേചന പദ്ധതിയുടെ ചെറിയ കനാൽ നിർദിഷ്ട ശ്മശാനത്തിന് സമീപത്ത് കൂടെ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ കടന്നുപോകുന്നതിനാൽ, ജലമലിനീകരണ സാദ്ധ്യത ഉണ്ട് എന്ന് DMO റിപ്പോർട്ട് നൽകി.

8. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയതിൽ കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിൻറെ PCB REVISED Categorisation ലിസ്റ്റ് പ്രകാരം ബറിയൽ ഗ്രൗണ്ട് ഓറഞ്ച് കാറ്റഗറിയിൽ ഉൾപെടുന്നതാണ് . ഓറഞ്ച് കാറ്റഗറിയിലുൾപ്പെടുന്ന സ്ഥാപനം വീട് , പൊതുസ്ഥാപനം എന്നിവയിലേക്ക് പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി യഥാക്രമം 10 ,15 m ആണ് . നിർദ്ദിഷ്ട ബറിയൽ ഗ്രൗണ്ടിന് 10 m / 15 m ചുറ്റളവിൽ വീട് , പൊതുസ്ഥാപനം എന്നിവയില്ല .ഇറിഗേഷൻ കനാൽ വടക്കു ഭാഗത്തെ അതിരിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു .ശ്മശാന ഭൂമിയിൽ നിന്ന് വടക്കുഭാഗത്ത് 15 മീറ്റർ ദൂരത്തിൽ ഹിന്ദു ശ്മശാനം സ്ഥിതി ചെയ്യുന്നു. കനാൽ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ മലിനീകരണ സാധ്യത തള്ളിക്കളയാനാകില്ലെന്നും അറിയിച്ചു.

9. പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥല പരിശോധന നടത്തിയതിൽ ശ്രീ. എം.എ. ഷാജഹാൻ, പ്രസിഡന്റ്, സുന്നത്ത് ജമാഅത്ത് തഖ്‌വ മസ്ജിദ്, മീനാക്ഷിപുരം എന്നവരുടെ ഉടമസ്ഥതയിലുള്ള മൂലത്തറ വില്ലേജ്, ബ്ലോക്ക് നം.46, റീസർവ്വേ നം.247/2-1 ൽ ഉൾപ്പെട്ട 0.4047 ഹെക്ടർ സ്ഥലത്തിന്റെ വടക്ക് വശത്തുകൂടി 50 മീറ്റർ ചുറ്റളവിൽ ഒരു ഇറിഗേഷൻ കനാലും അതിനോട് ചേർന്നുള്ള റോഡിന് ഇരുവശത്തുമായി ഹിന്ദുക്കളുടെ പൊതു ശ്മശാനവും സ്ഥിതിചെയ്യുന്നുണ്ട്. കിഴക്ക് വശത്ത് പഞ്ചായത്ത് ചാലും അതിനോട് ചേർന്ന് പഞ്ചായത്ത് റോഡും കൃഷി സ്ഥലവും കാണപ്പെട്ടു. തെക്ക് പടിഞ്ഞാറ് ഭാഗം കൃഷി സ്ഥലവും സ്ഥിതി ചെയ്യുന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, നിർദ്ദിഷ്ട ശ്മശാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ വീടുകളോ ആരാധനാലയങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ നിലവിലില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് നൽകി.

–

10. വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട ഭൂമി സംബന്ധിച്ച് പരിശോധന നടത്തിയതിൽ ശ്മശാന നിർമാണ അപേക്ഷയിലെ പരാമർശിത ഭൂമി ചിറ്റൂർ താലൂക്ക് മൂലത്തറ വില്ലേജിൽ ബ്ലോക്ക് 46 റീസർവ്വേ നമ്പർ 247/2 ൽ 1.7640 ഹെക്ടറിൽ ഭാഗം 0.4047 ഹെക്ടർ ആണെന്ന് കാണുന്നു. ചിറ്റൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2347/2017 നമ്പർ തീറാധാരപ്രകാരമാണ് സുന്നത്ത് ജമാത്ത് തഖ്‌വ മസ്ജിദ് മീനാക്ഷിപുരം പേരിൽ ഭൂമിയിൽ അവകാശം സിദ്ധിച്ചിട്ടുള്ളത് . ടി സ്ഥാപനത്തിന് വേണ്ടിയാണ് ഷാജഹാൻ എന്നവർ അപേക്ഷ നൽകിയിട്ടുള്ളത് ആധാരപ്രകാരം 0.4047 ഹെക്ടർ സിദ്ധിച്ചിട്ടുള്ളതിൽ വഹകളിൽ ശ്മശാനം നിർമിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് . അപേക്ഷ സ്ഥലത്തിന്റെ നാലതിരുകളിൽ കിഴക്കു ഭാഗം പഞ്ചായത്ത് റോഡും തെക്കു ഭാഗം ഗാന്ധിരാജ് ഭാര്യ വിജയലക്ഷ്മി എന്നവരുടെ കൈവശ ഭൂമിയാണെന്നും പടിഞ്ഞാറ് ഭാഗം രാജമാണിക്കം മകൻ വിഗ്നേഷ് എന്നവരുടെ കൈവശ ഭൂമിയാണെന്നും വടക്ക് ഭാഗം മൂലത്തറ ലിഫ്റ്റ് ഇറിഗേഷൻ കനാലും ആണെന്ന് കാണുന്നു . അപേക്ഷ വഹകളുടെ പടിഞ്ഞാറ്, വടക്ക് അതിർത്തിയോടു ചേർന്ന് വരുന്ന 0.1403 ഹെക്ടർ വഹകളിലാണ് ശ്മശാനം നിർമ്മിക്കുന്നതിന് നൽകിയ അപേക്ഷയോടൊന്നിച്ച് സമർപ്പിച്ച പ്ലാനിൽ കാണിച്ചിട്ടുള്ളത് കൂടാതെ അപേക്ഷകന്റെ ബാക്കി വഹകളിൽ മദ്രസ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നതായും അറിയുന്നു . അപേക്ഷ വഹകളുടെ സുമാർ 63 മീറ്റർ തെക്കു കിഴക്കു മാറി കോവിൽ സ്ട്രീറ്റിൽ നാഗേലൻ മകൻ മണിയും കുടുംബവും താമസിച്ചു വരുന്നു . ടി വീട്ടിന് തെക്കും കിഴക്കുമായി നിരവധി വീടുകൾ ഉള്ളതും അപേക്ഷ വഹകളിൽ നിന്നും ഏകദേശം 150 മീറ്റർ കിഴക്കായി മാഹാളിയമ്മൻ കോവിലും സ്ഥിതിചെയ്യുന്നു. അപേക്ഷ വഹകളുടെ തെക്കേ തെക്കു അതിരിൽ നിന്നും ഏകദേശം 53 മീറ്റർ തെക്കു മാറി ഓലയും ഷീറ്റും കൊണ്ട് നിർമിച്ച വീടും ഉള്ളതാണ്. വഹകൾ വിജയലക്ഷ്മി എന്നവരുടെ ഉടമസ്ഥതയിലാണ് ടി ഷെഡിൽ തോട്ടത്തിൽ ജോലിചെയ്തുവരുന്നവർ താമസിച്ചു വരുന്നതായും പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ് പടിഞ്ഞാറ് ഭാഗത്തു കൃഷിഭൂമിയാണുള്ളത് . 50 മീറ്റർ ചുറ്റളവിൽ വീടുകളില്ലെന്ന് കാണുന്നു . അപേക്ഷ വഹകളുടെ ഏകദേശം 100 മീറ്റർ വടക്കു പടിഞ്ഞാറ് മാറി നാച്ചിമുത്തുകൗണ്ടർ എന്നവരുടെ വീട് സ്ഥിതിചെയ്യുന്നു കൂടാതെ അപേക്ഷ വഹകളുടെവടക്കേ അതിർത്തിയോടു ചേർന്നാണ് ലിഫ്റ്റ് ഇറിഗേഷൻ കനാൽ സ്ഥിതി ചെയ്യുന്നത് . അപേക്ഷ വഹകളുടെ വടക്കു ഭാഗത്തുള്ള കനാലിനു വടക്കു ഭാഗം പഞ്ചായത്ത് റോഡും റോഡിനു വടക്കു ഭാഗത്തായി ഹിന്ദുക്കളുടെ ശ്മശാനവും സ്ഥിതിചെയ്യുന്നു. നിലവിലെ ഹിന്ദുക്കളുടെ ശ്മശാനത്തിൽ നിന്നും സുമാർ ഇരുപത് മീറ്റർ അകലം മാത്രമേ അപേക്ഷ വഹകൾക്കുള്ളൂ . അപേക്ഷ വഹകളുടെ സുമാർ 70 മീറ്റർ വടക്ക് കിഴക്ക് മാറി പഴനിസ്വാമി കൗണ്ടർ മകൻ ദുരൈസ്വാമി എന്നവരുടെ വീടും തൊഴുത്തും സ്ഥിതിചെയ്യുന്നു. കൂടാതെ 150 മീറ്റർ വടക്ക് കിഴക്കു മാറി പെരുമാട്ടി പഞ്ചായത്തിൻ്റെ നിയന്ത്രണത്തിലുള്ള ജല നിധി കുടിവെള്ള പമ്പിങ് സ്റ്റേഷൻ സ്ഥിതിചെയ്യുന്നുണ്ട് . ടി പമ്പിങ് സ്റ്റേഷനിൽ നിന്നും വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയിൽ നിന്നും ലഭിക്കുന്ന വെള്ളമാണ് മീനാക്ഷിപുരം പ്രദേശത്തുള്ളവർ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് . വടക്കു ഭാഗത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ ഇറിഗേഷൻ ആവശ്യത്തിന്നായി വിവിധ സമയങ്ങളിൽ ജലസേചനം നടത്തി വരാറുണ്ടെന്ന് അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്. ഇപ്രകാരം ജലസേചനം നടക്കുന്ന സമയം കൃഷിക്കും കുളങ്ങളിലും മറ്റും സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതായും അറിവായിട്ടുള്ളതാണ് കൃഷി സ്ഥലങ്ങളിൽ കിണറുകൾ കൂടി ഉള്ളതായും കാണുന്നു. അപേക്ഷ വഹകളുടെ കിഴക്കുഭാഗത്തുകൂടി പോവുന്ന പഞ്ചായത്ത് റോഡിൽ കൂടിയാണ് പമ്പുഹൗസ് ഗതാഗത കോളനിയിലുള്ളവരും രാജമാണിക്കം കോളനിയിലുള്ളവരുംഗതാഗത ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.

11. ബഹു. ഹൈക്കോടതിയുടെ WP(C) No. 20288/2025 & WP (C) No 26599/2025 കേസുകളിലെ അന്തിമ വിധിന്യായപ്രകാരം നടത്തിയ ഹിയറിംഗിൽ നിന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വസ്തുതകൾ:-

- വടക്കേ അതിർത്തിയോട്ടു ചേർന്ന് ലിഫ്റ്റ് ഇറിഗേഷൻ കനാൽ സ്ഥിതിചെയ്യുന്നതിനാൽ മലിനീകരണ സാധ്യത തള്ളിക്കളയുവാനാവില്ല. ജലസേചനം നടക്കുന്ന സമയം കൃഷിക്കും കുളങ്ങളിലും മറ്റും ജലം സംഭരിക്കുന്നതിന് ഉപയോഗിക്കുന്നതായും റിപ്പോർട്ട് ലഭ്യമായി .
- ജലസേചന പദ്ധതിയുടെ ചെറിയ കനാൽ നിർദിഷ്ട ശ്മശാനത്തിന് സമീപത്ത് കൂടെ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ കടന്നുപോകുന്നതിനാൽ, പ്രസ്തുത NOC റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5 പാലിച്ചിട്ടില്ല.
- പുതിയതായി ശ്മശാനം അനുവദിക്കുന്നപക്ഷം സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ട് എന്നു ജില്ലാ പോലീസ് മേധാവിയുടേയും ADGP ഇന്റലിജൻസിന്റെ റിപ്പോർട്ടും പരിഗണനാർഹമാണ്.

12. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ മൂലത്തറ വില്ലേജിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ മീനാക്ഷിപുരത്ത് സുന്നത്ത് ജമാഅത്ത് തഖ്‌വ മസ്ജിദ് പള്ളി മഹൽ നിവാസികൾക്ക് വേണ്ടി ശ്മശാനം നിർമ്മിക്കുന്നതിനായി പള്ളി കമ്മിറ്റി പ്രസിഡന്റ് ശ്രീ. എം.എ ഷാജഹാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ നിന്നും ടി ശ്മശാനത്തിന്റെ വടക്കേ അതിർത്തിയോട്ടു ചേർന്ന് ലിഫ്റ്റ് ഇറിഗേഷൻ കനാൽ സ്ഥിതിചെയ്യുന്നതിനാൽ മൃതശരീരങ്ങൾ മണ്ണിൽ അലിഞ്ഞുചേരുന്നതുമൂലം ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നതിനാലും മലിനീകരണ സാധ്യത തള്ളിക്കളയുവാനാവില്ലായെന്നതിനാലും, ജലസേചന പദ്ധതിയുടെ ചെറിയ കനാൽ നിർദിഷ്ട ശ്മശാനത്തിന് സമീപത്ത് കൂടെ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ കടന്നുപോകുന്നതിനാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും, പുതിയതായി ശ്മശാനം അനുവദിക്കുന്നപക്ഷം സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നു ജില്ലാ പോലീസ് മേധാവിയും ADGP ഇന്റലിജൻസും റിപ്പോർട്ടു ചെയ്തിട്ടുള്ളതിനാലും; 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ട പ്രകാരമുള്ള ദൂരപരിധിപാലിക്കുന്നതും, ജലമലിനീകരണ സാദ്ധ്യത ഇല്ലാത്തതും, ക്രമ സമാധാനത്തിന് തടസ്സം വരാത്തതുമായ സ്ഥലം മസ്ജിദിന്റെ ശ്മശാനത്തിന്റെ ആവശ്യത്തിലേക്കായി കണ്ടെത്താവുന്നതാണെന്ന നിർദ്ദേശത്തോടെ ; Ext P4 അപ്പീലിൽ പ്രതിപാദിച്ച നിർദ്ദിഷ്ട ശ്മശാനത്തിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുടെ 03.07.2025, 21.07.2025 തീയതികളിലെ ബന്ധപ്പെട്ട കേസുകളിലെ വിധിന്യായങ്ങൾ പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ജില്ലാ കളക്ടർ, പാലക്കാട്
അഡീഷണൽ ഡയറക്ടർ ജനറൽ പോലീസ്(ഇൻ്റലിജൻസ്) കേരള സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഹെഡ്കോർട്ടേഴ്സ് തിരുവന്തപുരം
ജില്ലാ പോലീസ് മേധാവി പാലക്കാട്
ജില്ലാമെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ്, പാലക്കാട്
സെക്രട്ടറി പെരുമാട്ടി ഗ്രാമ പഞ്ചായത്ത്
എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ പൊല്യൂഷൻ കൺട്രോൾ ബോർഡ് പാലക്കാട്
ശ്രീ എം.എ ഷാജഹാൻ
Door No. 7/136
മീനാക്ഷിപുരം, ചിറ്റൂർ താലൂക്ക്
പാലക്കാട് -678533
ശ്രീ എം മണികണ്ഠൻ
പമ്പ് ഹൗസ് കോളനി, മീനാക്ഷിപുരം
ചിറ്റൂർ താലൂക്ക് പാലക്കാട്- 678533
ശ്രീ. എ ബാലകൃഷ്ണൻ
നാൽവർ ഇല്ലം, മൂലത്തറ വില്ലേജ്,
കോവിൽ സ്ട്രീറ്റ്, ചിറ്റൂർ താലൂക്ക്,
പാലക്കാട്-678533
ശ്രീ. എം.എം മണികണ്ഠൻ
കോവിൽ സ്ട്രീറ്റ്, മീനാക്ഷിപുരം. പി.ഒ
ചിറ്റൂർ താലൂക്ക് പാലക്കാട്- 678533
ശ്രീ എൻ സദാശിവം
പുതുക്കാട് ഹൗസ് (Near sudukad), മീനാക്ഷിപുരം. പി.ഒ
ചിറ്റൂർ താലൂക്ക്
പാലക്കാട്- 678533
ശ്രീ ജയപ്രകാശ് കോവിൽ സ്ട്രീറ്റ്,
മീനാക്ഷിപുരം. പി.ഒ,
ചിറ്റൂർ താലൂക്ക്, പാലക്കാട്-678533
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി /DB3/241/2025

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-01-2026 10:58:55
സെക്ഷൻ ഓഫീസർ